## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3332 10.12.2018-ലെ മറുപടിക്ക്**

**'കുമാരനെല്ലൂർ വില്ലേജിലെ മിച്ചഭൂമി'**


**ചോദ്യം**
**ശ്രീ.ജോർജ് എം.തോമസ്**

**മറുപടി**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**


| | | | |
|---|---|---|---|
| (എ) | കോഴിക്കോട് താലൂക്കിൽ കുമാരനെല്ലൂർ വില്ലേജിൽ മിച്ചഭൂമിയായി കണ്ടെത്തിയ സ്ഥലങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 1) ശ്രീ.വി.എം.മൈക്കിളിൽ നിന്നും 2.50 ഏക്കർ.<br>2) ശ്രീ.വിഷ്ണു നാരായണൻ നമ്പൂതിരിയിൽ നിന്നും 2.96 ഏക്കർ.<br>3) ശ്രീ.കീലത്ത് മുഹമ്മദ് ഹാജിയിൽ നിന്നും 3.60 ഏക്കർ.<br>4) ശ്രീ.വി.എൻ.ഉണ്ണിമോയിൻ ഹാജിയിൽ നിന്നും 0.551/2 ഏക്കർ.<br>5) ശ്രീ.വല്ലിൽ മമ്മത് ഹാജിയിൽ നിന്നും 4.90 1/2 ഏക്കർ.<br>6) ശ്രീ.കെ.പി.വിനോദിൽ നിന്നും 24.29 1/2 ഏക്കർ.<br>7) ശ്രീ.വയലിൽ മരക്കാർ ഹാജിയിൽ നിന്നും 0.48 ഏക്കർ.<br>8) ശ്രീമതി.തങ്കമണി അമ്മയിൽ നിന്നും 0.25 ഏക്കർ. |
| (ബി) | ഈ ഭൂമി അർഹതപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യാൻ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | ശ്രീ.വിഷ്ണു നാരായണൻ നമ്പൂതിരിയിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമി കേരള ഭൂപരിഷ്കരണ നിയമം 2005-ലെ 7 ഇ ഭേദഗതി പ്രകാരം കേസ് തീരുമാനമാകാത്തതിനാൽ, പ്രസ്തുത സ്ഥലം പതിച്ചു നൽകാൻ സാധിച്ചിട്ടില്ല. ശ്രീ.കെ.പി. വിനോദിൽ നിന്നും ഏറ്റെടുത്ത 24.291/2 ഏക്കറിൽ പതിച്ചു കൊടുക്കാൻ ശേഷിച്ച 1.40 ഏക്കർ സ്ഥലം പതിച്ചു കൊടുക്കാൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ഫോറം 18 നൽകിയിട്ടുള്ളതാണ്. എന്നാൽ ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ ആക്ഷേപം ഉന്നയിച്ച് ജനങ്ങൾ തുടർ നടപടി തടസ്സപ്പെടുത്തിയതിനാൽ മിച്ചഭൂമി പതിച്ചു കൊടുക്കുന്ന നടപടി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കൈമാറുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കുമാരനെല്ലൂർ വില്ലേജിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കൈമാറുന്നതിനായി ഏറ്റെടുത്ത മിച്ചഭൂമി ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ